**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4198** **03-03-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് സേനയെ ശാക്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പോലീസിന്റെ മാതൃകയിൽ കേസ് അന്വേഷണം മാത്രം നടത്തി കുറ്റവാളികളെ പഴുതുകൾ ഇല്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ എക്സൈസ് ക്രൈം ബ്രാഞ്ച് വിപുലപ്പെടുത്തുന്നതിനും ഓരോ ജില്ലയും സ്പെഷ്യൽ ഡ്യൂട്ടി അല്ലാതെ സ്ഥിരമായി ഉദ്യോഗസ്ഥൻമാരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിച്ചുവരുന്നു |
| (ബി) | മയക്കുമരുന്നിന്റെ വിപണനവും ഉപയോഗവും വർദ്ധിച്ചത് സംസ്ഥാനത്തിന് ഭീഷണിയാവുന്ന ഈ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിൽ അനുവർത്തിച്ചുവരുന്ന കാലഹരണപ്പെട്ട സ്റ്റാഫ് പാറ്റേൺ, തസ്തികകൾ എന്നിവ കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | അധികാര അതിർത്തി വലുതായതും താലൂക്കുകളിൽ റേഞ്ച് ഓഫീസുകൾ രൂപീകരിക്കാത്തതും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ നേമം , വഞ്ചിയൂർ, കൊല്ലം ജില്ലയിൽ കണ്ടറ, പത്തനംതിട്ട ജില്ലയിലെ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിലെ നെടുംകുന്നം, എറണാകുളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളിരിക്കുണ്ട് എന്നീ പുതിയ റേഞ്ച് ഓഫീസുകൾ ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ, മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശുപാർശ പരിശോധിക്കുകയും, എക്സൈസ് വകുപ്പിന് കീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശുപാർശ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെഅറിയിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ട്രൈബൽ വിഭാഗത്തിലെ യുവതി യുവാക്കളിൽ നിന്നും |

<table>
<tr><td></td><td></td><td></td><td>പ്രത്യേക സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എക്സൈസ് വകുപ്പിൽ സിവിൽ എക്സ്സൈസ് ഓഫീസർ/ വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകളിൽ 100 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിലേക്കായി വിശദമായ ശുപാർശ 2023-2024 സാമ്പത്തിക വർഷം സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>വിമുക്തി മിഷനിൽ ഇപ്പോൾ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിമുക്തി മാനേജർ എന്ന ഒരു അന്യത്ര സേവന തസ്തിക മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണം അനിവാര്യമായ ഈ കാലഘട്ടത്തിൽ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥരെയും ഉൾപെടുത്തി വിമുക്തി മിഷൻ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;</td><td>(സി)</td><td>വിമുക്തി മിഷനിൽ ഇപ്പോൾ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും അസി. എക്സൈസ് കമ്മീഷണർ കേഡറിലുള്ള 14 ഉദ്യോഗസ്ഥരെ ജില്ലാ വിമുക്തി മാനേജർ ആയി നിയമിച്ചിട്ടുണ്ട്. ഇവരെ കൂടാതെ വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേക്കായി 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെയും താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.25.09.2018 ലെ സ.ഉ (കൈ) നം. 70/2018/ നി.വ നമ്പർ ഉത്തരവ് പ്രകാരം ലഹരിവർജ്ജന " മിഷൻ വിമുക്തിയുടെ അധീനതയിൽ ആരോഗ്യവകുപ്പുമായി ചേർന്ന് 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുള്ളതും ആയത് പ്രവർത്തിക്കുന്നതിലേക്കായി 08.02.2019 ലെ സ.ഉ.(കൈ) 8/2019/നി.വ നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതുമാണ്.
<table>
<tr><th>ക്രമ നം.</th><th>തസ്തികയുടെ പേര്</th><th>തസ്തികയുടെ എണ്ണം</th></tr>
<tr><td>1</td><td>അസി.സർജൻ കേഡറിലുള്ള മെഡിക്കൽ ഓഫീസർ</td><td>14</td></tr>
<tr><td>2</td><td>സ്റ്റാഫ് നേഴ്സ്</td><td>42</td></tr>
<tr><td>3</td><td>ക്ലിനിക്കൽ സൈക്കോളജിസ്റ്റ്</td><td>14</td></tr>
<tr><td>4</td><td>സൈക്യാട്രിക് സോഷ്യൽ വർക്കർ</td><td>14</td></tr>
<tr><td></td><td>ആകെ</td><td>84</td></tr>
</table>
ക്ലീനിംഗ് സ്റ്റാഫ് സെക്യൂരിറ്റി ജീവനക്കാരെ Out Source ചെയ്ത് നിയമിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ടി 84 തസ്തികകളിലേക്കും കരാർ അടിസ്ഥാനത്തിലുള്ള നിയമനമാണ് നടത്തി വരുന്നത്. ടി തസ്തികകൾ കാലാകാലങ്ങളിൽ സർക്കാർ ഓരോ വർഷത്തേക്ക്ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി ജീവനക്കാർ എന്നിവരേയും Out Source ചെയ്ത് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു വരുന്നു.</td></tr>
<tr><td>(ഡി)</td><td>നിലവിൽ പരിമിതമായ അംഗബലം മാത്രമുള്ള</td><td>(ഡി)</td><td>സർക്കാരിന്റെ പരിഗണനയിലുണ്ട്. അധികാര അതിർത്തി</td></tr>
</table>

| | | | |
|---|---|---|---|
| | എക്സൈസ് സേനയെ ശാക്തീകരിക്കാൻ പോലീസ് സ്റ്റേഷനുള്ള ഇടങ്ങളിലെങ്കിലും എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | വലുതായതും താലൂക്കുകളിൽ റേഞ്ച് ഓഫീസുകൾ രൂപീകരിക്കാത്തതും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ നേമം , വഞ്ചിയൂർ, കൊല്ലം ജില്ലയിലെ കുണ്ടറ, പത്തനംതിട്ട ജില്ലയിലെ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിലെ നെടുംകുന്നം, എറണാകുളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെകാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് എന്നീ പുതിയ റേഞ്ച് ഓഫീസുകൾ ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ, മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശുപാർശ പരിശോധിക്കുകയും, എക്സൈസ് വകുപ്പിന് കീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശുപാർശ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ